കേരള സർക്കാർ

നവകേരളം
# വാർത്ത

നവകേരളം കർമപദ്ധതി

ന്യൂസ്‌ലെറ്റർ

ആർദ്രം വിദ്യാകിരണം ലൈഫ് മിഷൻ ഹരിതകേരളം മിഷൻ

ഡിസംബർ 16-31, 2022

## ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കും: മുഖ്യമന്ത്രി പിണറായി വിജയൻ

നദികൾ മാലിന്യമുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ജനകീയമായി പുരോഗമിക്കുകയാണെന്ന് നിയമസഭയിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വ്യക്തമാക്കി. ഈ രംഗത്ത് ഹരിതകേരളം മിഷൻ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ വാക്കുകളിലേക്ക്: "മാലിന്യം നാടിന് ദോഷം വരുത്തുന്ന പൊതുവായ കാര്യമാണ്. ഇപ്പോൾ പലയിടത്തും നാം കുടിക്കുന്ന വെള്ളത്തിൽ മാലിന്യത്തിന്റെ അംശങ്ങൾ അടങ്ങിയതായി കാണുന്നു. അത്തരമൊരു അവസ്ഥ പരിഹരിച്ചു പോകാൻ മാലിന്യമുക്ത കേരളം എന്ന നിലയിലേക്ക് മാറണം. ഹരിതകേരളം മിഷൻ തുടങ്ങുമ്പോൾ നമ്മുടെ നദികളിലെ വെള്ളം കയ്യിൽ കോരി കുടിക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് എത്തണമെന്ന് പറഞ്ഞിരുന്നു. മിഷനിലൂടെ നല്ല നീക്കങ്ങൾ, നദികൾ മാലിന്യമുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ജനങ്ങൾ തന്നെ ഏറ്റെടുത്തു നടത്തി വരുന്നുണ്ട്. അത്തരം പ്രവർത്തനങ്ങൾ നമുക്ക് ഇനിയും കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ട് പോകേണ്ടതായിട്ടുണ്ട്."



## പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി: മന്ത്രി റോഷി അഗസ്റ്റിൻ

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ വീണ്ടെടുപ്പിന് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലുള്ള 'ഇനി ഞാനൊഴുകട്ടെ' മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതികൾ നടപ്പാക്കുമെന്ന് ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ നിയമസഭയിൽ പറഞ്ഞു. ഇതിനായി പ്രത്യേകം പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കും. ആദ്യഘട്ടമെന്ന നിലയിൽ നീർച്ചാലുകളെ മാപ്പിൽ അടയാളപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നടക്കുകയാണ്. പ്രദേശത്തെ നീർച്ചാലുകളിൽ വിവിധ കാരണങ്ങളാൽ നീരൊഴുക്ക് തടസ്സപ്പെട്ടിട്ടുണ്ട്. ജലവഴികൾ അടഞ്ഞുപോയതിനാൽ ഒഴുക്ക് നഷ്ടപ്പെടുകയും കൂടുതൽ വെള്ളം മണ്ണിനടിയിലേക്ക് താഴ്ന്നിറങ്ങുകയും ചെയ്യുന്നുണ്ട്. മണ്ണിനടിയിൽ, പാറയ്ക്കും മണ്ണിനുമിടയിലെത്തുന്ന ഈ ജലം അവിടെ കൂടുതൽ മർദ്ദം സൃഷ്ടിക്കുകയും ഇത് മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും കാരണമാകുകയും ചെയ്യുന്നു. ഇതൊഴിവാക്കാൻ ലക്ഷ്യമിട്ടാണ് നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ പദ്ധതി നടപ്പാക്കുന്നത്. കേരള പുനർനിർമ്മാണ പദ്ധതിയുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് സാങ്കേതിക സഹായം നൽകുന്നത് സംസ്ഥാന ഐ.ടി. മിഷനാണ്.



# കേരളത്തിന് ഹരിത ട്രിബ്യൂണലിന്റെ പ്രശംസ

ശുചിത്വ രംഗത്തെ കേരളത്തിന്റെ ഇടപെടലിന് ദേശീയ ഹരിത ട്രിബ്യൂണലിന്റെ അംഗീകാരം. മാലിന്യ സംസ്കരണ രംഗത്ത് കേരളം ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയെന്ന് ഗ്രീൻ ട്രിബ്യൂണൽ ഉത്തരവിൽ വ്യക്തമാക്കുന്നു. ഒരു രൂപ പോലും നിലവിൽ കേരളത്തിന് പിഴ ചുമത്തിയിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ശുചിത്വ രംഗത്തെ സജീവമായ ഇടപെടലിനുള്ള അംഗീകാരമാണ് ഇത്.

ഖര-ദ്രവ മാലിന്യ പ്രശ്നം പരിഹരിക്കാൻ കേരളം നടത്തുന്ന ഇടപെടലുകൾ ഹരിത ട്രിബ്യൂണൽ വിധി പ്രത്യേകം പരാമർശിക്കുന്നു. ഇതിനായി കേരളം ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. കുന്നുകൂടിക്കിടക്കുന്ന മാലിന്യം നീക്കം ചെയ്യാനുള്ള ഇടപെടലിനെക്കുറിച്ചും പരാമർശമുണ്ട്. സമയബന്ധിതമായി മാലിന്യ സംസ്കരണ പദ്ധതികൾ പൂർത്തിയാക്കണമെന്ന് ഹരിത ട്രിബ്യൂണൽ നിർദ്ദേശിച്ചു. ഇക്കാര്യം കേരളം അംഗീകരിച്ചു. ദ്രവ മാലിന്യം കൈകാര്യം ചെയ്യാൻ കേരളം 2343.18 കോടിയുടെ പദ്ധതികൾ ഇതിനകം രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിലൂടെ പൂർണ്ണമായി പ്രശ്നം പരിഹരിച്ചില്ലെങ്കിൽ, ഗ്യാപ് ഫണ്ടായി 84.628 കോടിയും നീക്കിവെച്ചു. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചാണ് ഹരിത ട്രിബ്യൂണലിന്റെ വിലയിരുത്തൽ.




## ലൈഫ് മിഷൻ ഫ്ളാറ്റുകളുടെ ഗുണഭോക്താക്കൾക്കായി ബോധവത്ക്കരണം

**കോട്ടയം കളത്തിപ്പടി പൊൻപള്ളിയിൽ ലൈഫ് മിഷന്റെ നിർമാണം പുരോഗമിക്കുന്ന ഫ്ലാറ്റുകളിലെ ഗുണഭോക്താക്കൾക്ക് വിജയപുരം ഗ്രാമപഞ്ചായത്ത് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.ടി. സോമൻകുട്ടി, വൈസ് പ്രസിഡന്റ് രജനി സന്തോഷ്, സ്ഥിരം സമിതി അധ്യക്ഷരായ സുരേഷ് ബാബു, കുര്യൻ വർക്കി, സെക്രട്ടറി ടി.എം. ശ്രീകാന്ത് എന്നിവർ പ്രസംഗിച്ചു. ഫ്ളാറ്റ് സംസ്കാരത്തിലേക്ക് മാറുന്ന കുടുംബങ്ങൾക്ക് മാറുന്ന സാഹചര്യങ്ങളെപ്പറ്റി ആവശ്യമായ അവബോധം സൃഷ്ടിക്കാനാണ് പരിപാടി സംഘടിപ്പിച്ചത്. രണ്ടു മുറികൾ, ഹാൾ, അടുക്കള, ശുചിമുറി എന്നിവ അടങ്ങുന്നതാണ് ഫ്ളാറ്റുകൾ. 12 ലക്ഷം രൂപ മൂല്യം ഓരോ ഫ്ളാറ്റിനുമുണ്ട്. വൈകാതെ നിർമാണം പൂർത്തിയാകുമെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ പറഞ്ഞു.**

## ലക്ഷ്യം എല്ലാ ജില്ലകളിലും രണ്ട് ദ്രവമാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ: മന്ത്രി എം ബി രാജേഷ്


എല്ലാ ജില്ലകളിലും രണ്ട് ദ്രവമാലിന്യ നിർമാർജ്ജന പ്ലാന്റുകൾ ആരംഭിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ്. ഇരിങ്ങാലക്കുട നഗരസഭയുടെ ആഭിമുഖ്യത്തിൽ പൂതംകുളം മൈതാനിയിൽ ആരംഭിച്ച വഴിയോര വിശ്രമ കേന്ദ്രം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മാലിന്യ സംസ്കരണ രംഗത്ത് നടത്തിയ ഇടപെടലുകൾക്ക് ഹരിത ട്രിബ്യൂണലിന്റെ അംഗീകാരം നേടാൻ കേരളത്തിന് കഴിഞ്ഞു. കോടിക്കണക്കിന് രൂപയാണ് ശുചിത്വ രംഗത്തെ വീഴ്ചകളുടെ പേരിൽ വിവിധ സംസ്ഥാനങ്ങൾക്ക് ട്രിബ്യൂണൽ പിഴ ചുമത്തിയിരിക്കുന്നത്. ഒരു പ്രദേശത്ത് മാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിക്കാൻ തീരുമാനിക്കുമ്പോൾ തന്നെ പ്രദേശവാസികളിൽ നിന്ന് എതിർപ്പ് ഉയരുന്നുണ്ട്. എന്നാൽ സംസ്കരിക്കാത്ത മാലിന്യമാണ് പ്ലാന്റിനേക്കാൾ അപകടം എന്ന കാര്യം ബോധ്യപ്പെട്ടാൽ ഈ എതിർപ്പ് ഇല്ലാതാകും.





# 50 ലക്ഷം പേർക്ക് ജീവിതശൈലീ രോഗ സ്ക്രീനിംഗ്

## അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ്



സംസ്ഥാനത്ത് ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ 'അൽപം ശ്രദ്ധ ആരോഗ്യം ഉറപ്പ് എന്ന കാമ്പയിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി 50 ലക്ഷത്തിലധികം പേരെ വീട്ടിലെത്തി ജീവിത ശൈലീ രോഗ നിർണയ സ്ക്രീനിംഗ് നടത്തി. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആണ് ഇക്കാര്യം വ്യക്തമാക്കിയത്. നവകേരളം കർമ്മപദ്ധതിയിലെ ആർദ്രം മിഷൻ വഴിയാണ് ഇത് നടപ്പിലാക്കി വരുന്നത്. ആറു മാസം കൊണ്ടാണ് ഈ നേട്ടം കൈവരിക്കാനായത്. ഇ-ഹെൽത്ത് ചെയ്ത ശൈലി ആപ്പിന്റെ സഹായത്തോടെ ആരോഗ്യ പ്രവർത്തകർ നേരിട്ട് വീട്ടിലെത്തിയാണ് സ്ക്രീനിംഗ് നടത്തുന്നത്. ലഭ്യമായ വിവരങ്ങൾ തത്സമയം ആരോഗ്യ വകുപ്പിന് അറിയാനും തുടർനടപടികൾ സ്വീകരിക്കാനും ആവശ്യമുള്ളവർക്ക് സൗജന്യ രോഗ നിർണയവും ചികിത്സയും ലഭ്യമാക്കാനും സഹായിക്കുന്നു.

ഈ കാമ്പയിന്റെ ഭാഗമായി 30 വയസിന് മുകളിലുള്ളവരെയാണ് ആരോഗ്യ പ്രവർത്തകർ വീട്ടിൽ പോയി കണ്ട് സ്ക്രീനിഗ് നടത്തി രോഗസാധ്യത കണ്ടെത്തുന്നത്. ഇതുവരെ ആകെ 50,01,896 പേരെ സ്ക്രീനിംഗ് നടത്തിയതിൽ 18.89 ശതമാനം പേർ (9,45,063) ഏതെങ്കിലും ഒരു ഗുരുതര രോഗം വരുന്നതിനുള്ള റിസ്ക് ഫാക്ടർ ഗ്രൂപ്പിൽ വന്നിട്ടുണ്ട്. ഇവരെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കിയിരിക്കുകയാണ്. 10.76 ശതമാനം പേർക്ക് (5,38,491) രക്താതിമർദ്ദവും, 8.72 ശതമാനം പേർക്ക് (4,36,170) പ്രമേഹവും, 3.74 ശതമാനം പേർക്ക് (1,87,066) ഇവ രണ്ടും സംശയിക്കുന്നുണ്ട്. ഇവരിൽ ആവശ്യമുള്ളവർക്ക് സൗജന്യ രോഗ നിർണയവും ചികിത്സയും ലഭ്യമാക്കി വരുന്നു.

# പള്ളിക്കൽ പഞ്ചായത്തിൽ ഹരിത സമൃദ്ധി വാർഡ് ഉദ്ഘാടനം

പത്തനംതിട്ട പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷൻ, കൃഷി ഭവൻ എന്നിവരുടെ നേതൃത്വത്തിൽ ഹരിതസമൃദ്ധി വാർഡ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പഞ്ചായത്തിലെ 20, 23 വാർഡുകളാണ് ഹരിതസമൃദ്ധിക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. വാർഡുകളിൽ പച്ചക്കറി തൈ നട്ടുകൊണ്ട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പദ്ധതിക്ക് തുടക്കം കുറിച്ചു. വെണ്ട, തക്കാളി, വഴുതന തുടങ്ങിയ തൈകൾ നട്ട് ആണ് ഹരിതസമൃദ്ധി വാർഡ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. എല്ലാ വീടുകളിലും കൃഷി വ്യാപിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം.



# വിദ്യാകിരണം : വട്ടേനാട് ഗവ. സ്കൂളിന് കെട്ടിടമൊരുങ്ങി



നവകേരളം കർമപദ്ധതിയിൽ വിദ്യാകിരണത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വട്ടേനാട് ഗവ. എൽ.പി. സ്കൂളിൽ നിർമ്മിച്ച പുതിയ കെട്ടിടം മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാർ കിഫ്ബി ഫണ്ടിൽ നിന്ന് അനുവദിച്ച ഒരു കോടി രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്.

# ഹരിത കർമ്മസേനക്കൊപ്പം ക്യാമ്പയിന് തുടക്കം

നവകേരളം കർമ്മപദ്ധതിയുടെയും തിടനാട് ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ഹരിത വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി കോട്ടയം ജില്ലയിലെ തിടനാട് ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ "ഹരിത കർമ്മസേനക്കൊപ്പം "ക്യാമ്പയിന് തുടക്കം കുറിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജി ജോർജ് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തുകളിലെ അജൈവ മാലിന്യ സംസ്കരണത്തിനായി സർക്കാർ ഉത്തരവ് പ്രകാരം നിയോഗിക്കപ്പെട്ട ഹരിത കർമ്മസേന അംഗങ്ങൾ വാതിൽ പടി സേവനത്തിനിടെ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകുകയും, ഹരിത കർമ്മ സേനയോടുള്ള സഹകരണം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം.

ക്യാമ്പയിന്റെ ഭാഗമായി ഹരിത കർമ്മസേനയുടെ പ്രവർത്തനം, പാഴ്‌വസ്തുക്കളുടെ സംസ്കരണം, ബദൽ ഉൽപ്പന്നങ്ങളുടെ ഉപയോഗം എന്നിവയെകുറിച്ച് ബോധവൽക്കരണം നൽകി. ക്യാമ്പയിനിൽ 70 ഓളം വിദ്യാർഥികൾ പങ്കെടുത്തു. തിടനാട് ഗ്രാമപഞ്ചായത്ത് ഹരിത കർമ്മസേന അംഗങ്ങൾ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ക്യാമ്പയിൻ ലക്ഷ്യങ്ങൾ വിവരിക്കുകയും ചെയ്തു.



# ആമ്പല്ലൂരിൽ ഹരിതകർമ്മസേനയുടെ
# മാലിന്യ ശേഖരണം
# ഇനി സ്വന്തം ഓട്ടോറിക്ഷയിൽ



ഹരിത കർമ്മ സേനയുടെ അജൈവ മാലിന്യ ശേഖരണം കൂടുതൽ സൗകര്യപ്രദമാകാൻ ഇലക്ട്രിക് ഓട്ടോറിക്ഷ, ട്രോളി എന്നിവ നൽകി എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്. വിതരണ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിജു തോമസ് നിർവഹിച്ചു.

നിലവിൽ പഞ്ചായത്ത് കരാർ അടിസ്ഥാനത്തിൽ വാടകയ്ക്കെടുത്ത വാഹനത്തിലായിരുന്നു ഹരിത കർമ്മ സേന വീടുകളിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിച്ചത്. പഞ്ചായത്തിലെ അജൈവമാലിന്യങ്ങൾ വാർഡ് തലങ്ങളിൽ നിന്നും ശേഖരിച്ച് മിനി എം.സി.എഫ്, ആർ.ആർ.എഫ് എന്നിവിടങ്ങളിൽ എത്തിക്കുന്നതിനാണ് വാഹനം ലഭ്യമാക്കിയിരിക്കുന്നത്.

പഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് വാഹനം നൽകിയത്. അജൈവ മാലിന്യങ്ങൾ നീക്കി സമ്പൂർണ്ണ പ്ലാസ്റ്റിക് വിമുക്ത ഗ്രാമമാകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്ലാസ്റ്റിക് വിമുക്ത ആമ്പല്ലൂർ പദ്ധതി പഞ്ചായത്തിൽ വിജയകരമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം **2,30,000** രൂപയാണ് അജൈവമാലിന്യ ശേഖരണത്തിലൂടെ പഞ്ചായത്തിൽ ലഭിച്ചത്. **50** ടൺ അജൈവ മാലിന്യങ്ങളാണ് ഇതുവരെ നീക്കം ചെയ്തത്. **16** വാർഡുകളിൽ നിന്നായി **32** ഹരിത കർമ്മ സേനാ പ്രവർത്തകരാണ് പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിന് ചുക്കാൻ പിടിക്കുന്നത്.




നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും മലപ്പുറം പി.സി.എൻ.ജി.എച്ച്.എസ്. മൂക്കുതല സ്കൂൾ എൻഎസ്എസ് യൂണിറ്റും സംയുക്തമായി ഹരിതകീർത്തി തൈ നടൽ പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം നന്നമുക്ക് പഞ്ചായത്ത് പ്രസിഡന്റ് മിസിരിയ സൈഫുദ്ദീൻ നിർവഹിച്ചു. 110 ചാക്കുകളിൽ ആയി കൃഷിയോഗ്യമായ തക്കാളി, മുളക്, ചീര വഴുതന തുടങ്ങിയ തൈകളാണ് നട്ടത്.

## ലൈഫ് ഗുണഭോക്തൃ സംഗമം

കൊയിലാണ്ടി നഗരസഭ പി.എം.എ.വൈ (നഗരം) ലൈഫ് പദ്ധതിയുടെ ഒൻപതാമത് ഡി.പി.ആറിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ സംഗമം നടന്നു. നഗരസഭാ ചെയർപേഴ്സൺ സുധ കിഴക്കെപ്പാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. കൊയിലാണ്ടി ഇ.എം.എസ് ടൗൺ ഹാളിൽ നടന്ന സംഗമത്തിൽ 80 ഗുണഭോക്താക്കൾ പങ്കെടുത്തു.
വൈസ് ചെയർമാൻ അഡ്വ. സത്യൻ അധ്യക്ഷത വഹിച്ചു



# വ്യാപാരി വ്യവസായി ഏകോപന സമിതി ഹരിതകർമ്മസേനയ്ക്ക്

# വെയിംഗ് മെഷീനുകൾ കൈമാറി

കോഴിക്കോട് രാമനാട്ടുകരയുടെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് ഹരിത കർമ്മ സേനാംഗങ്ങൾക്ക് വ്യാപാരി വ്യവസായി ഏകോപന സമിതി വെയിംഗ് മെഷീനുകൾ നൽകി.


ഹരിത മിത്രം ആപ്പ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് തൂക്കം രേഖപ്പെടുത്തുന്നതിനായി രാമനാട്ടുകര വ്യാപാരി വ്യവസായി ഏകോപന സമിതി സ്പോൺസർ ചെയ്ത 10 ഇലക്ട്രോണിക്ക് വെയിംഗ് മെഷീനുകൾ നഗരസഭാ കൗൺസിൽ ഹാളിൽ ചേർന്ന യോഗത്തിൽ പ്രസിഡണ്ട് അജ്മൽ നഗരസഭാ ചെയർപേഴ്സൺ ബുഷ്റ റഫീഖിന് കൈമാറി.

## ജലാഞ്ജലി പദ്ധതിയോട് സഹകരിക്കാൻ കർണാടക സംഘം



കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ജലാഞ്ജലി നീരുറവ് പദ്ധതി നീർത്തടിധിഷ്ഠിത ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് മികച്ച മാതൃകയാണ്. ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന മൈസൂരിലെ സന്നദ്ധ സംഘടനയായ മിറാഡ കാവേരി പ്രാദേശിക സംസ്ഥേയുമായി പഞ്ചായത്ത് സഹകരിക്കും. രണ്ടു വർഷത്തേയ്ക്കാണ് കർണാടക സംഘം പഞ്ചായത്തിന്റെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി സഹകരിക്കുന്നത്. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ നീർത്തട മണ്ണുസംരക്ഷണ പ്രവർത്തനത്തിന് പിന്തുണയുമായാണ് കർണാടക സംഘം കേളകത്ത് എത്തിയത്.രണ്ടു ദിവസത്തിനു എത്തിയ സംഘം കേളകത്ത് പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങൾ സന്ദർശിച്ചു. പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ നടക്കുന്ന ജലാഞ്ജലി നീരുറവ് പദ്ധതിയുടെ നിർവഹണ മികവാണ് സംഘത്തെ കേളകത്തേയ്ക്ക് എത്തിച്ചത്. പേരാവൂർ ബ്ലോക്കിൽ നടപ്പിലാക്കിയ ജല ബജറ്റ് , പശ്ചിമ ഘട്ട മാപ്പത്തോൺ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്ത്യയൊട്ടാകെ പ്രചരിപ്പിക്കുന്നതിന് ഈ സന്ദർശനം സഹായിക്കും.


കേരളം
കർമപദ്ധതി
ഒരു തണൽ
ഉണ്ടായിരുന്നെങ്കിൽ...
ഈ ചൂടൊന്ന്
കുറഞ്ഞിരുന്നെങ്കിൽ...
അൽപം വെള്ളം
കിട്ടിയിരുന്നെങ്കിൽ...
ഇതൊരു
മുന്നറിയിപ്പാണ്
കരുതലെടുക്കാം...
/ harithakeralamission


കാനനച്ചോല
പച്ചത്തുരുത്ത്

# നീർച്ചാൽ വീണ്ടെടുപ്പ് : 164 മാപ്പുകൾ പൂർത്തിയായി

പശ്ചിമഘട്ട പ്രദേശങ്ങളിലെ **9** ജില്ലകളിലെ **230** ഗ്രാമപഞ്ചായത്തുകളിലെ നീർച്ചാൽ ശൃംഖല വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷനും ഐ.ടി മിഷനും സംയുക്തമായി രൂപം നൽകിയ പ്രവർത്തനമാണ് "മാപ്പത്തോൺ". നീർച്ചാലുകളുടെ മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷനും ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറും **(ICFOSS)** സംയുക്തമായാണ് നിർവഹിക്കുന്നത്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് എല്ലാ ശ്രേണിയിലും പെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ഈ മാപ്പുകൾ ഉപയോഗിച്ച് ഫീൽഡ് സന്ദർശനം നടത്തി നീർച്ചാലുകൾ ഓപ്പൺ സ്ട്രീം മാപ്പ് പ്രയോജനപ്പെടുത്തി അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്.

മാപ്പ് നിർമ്മാണത്തിന്റെ ഭാഗമായി ഇതുവരെ **164** മാപ്പുകൾ നിർമ്മിച്ചു. നിലവിൽ പശ്ചിമഘട്ട പ്രദേശങ്ങളിലെ **9** ജില്ലകളിലെ **12** ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് വിസിറ്റ് നടത്തി മാപ്പത്തോൺ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളിൽ മാപ്പുകളുടെ ഫീൽഡ് വിസിറ്റ് നടന്നു വരുകയാണ്.









Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : B. Manoj : Public Relations Officer, Anu Liya Jose: Young Professional, Archana Shaji : Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01